# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 590** 08.08.2017-ൽ മറുപടിക്ക്

## സമ്പൂർണ്ണ വൈദ്യുതീകരണം

| | ചോദ്യം<br>ശ്രീ. പി.ടി. തോമസ് : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കേരളം സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി പ്രഖ്യാപിച്ചതെന്നാണ്; | (എ) | 29.05.2017-ൽ |
| (ബി) | 2016 മേയ് 25 ന് ശേഷം സംസ്ഥാനത്ത് പുതുതായി എത്ര വീടുകളിൽ വൈദ്യുതി എത്തിച്ചിട്ടുണ്ട്; ഇക്കാര്യത്തിനായി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട്; | (ബി) | 2016 മേയ് 25-ന് ശേഷം ജൂൺ 2017 വരെ ആകെ 2.79 ലക്ഷം വീടുകൾക്ക് വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഇതിനായി ഏകദേശം 205 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിക്ക് കേന്ദ്ര സഹായമായി എന്തെങ്കിലും തുക ലഭിച്ചിരുന്നോ; എങ്കിൽ എത്ര തുകയാണ് ലഭിച്ചത്; | (സി) | ഗ്രാമീണ മേഖലയിലെ വൈദ്യുതി മേഖലയിലെ വിവിധ പദ്ധതികൾക്കായുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന (ഡി. ഡി. യു. ജി. ജെ.വൈ)-യിൽ മീറ്ററിംഗ് കംപോണന്റിനായി 259.16 കോടി രൂപയും ഭവനങ്ങളുടെ വൈദ്യുതീകരണത്തിനായി 81.6 കോടി രൂപയുടെയും പദ്ധതികൾ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതികളിൽനിന്നുള്ള വിഹിതവും സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ നിബന്ധനകൾ പ്രകാരം ഇതിൽ എത്രത്തോളം തുക സമ്പൂർണ്ണ വൈദ്യുതീകരണത്തിന് ഉപയുക്തമാകുമെന്നത് തിട്ടപ്പെടുത്തിവരുന്നു. |
| (ഡി) | 2011-16 കാലയളവിൽ യു.ഡി.എഫ്. സർക്കാർ എത്ര പുതിയ വൈദ്യുതി കണക്ഷൻ നൽകിയെന്നും ഇതിനായി എത്ര കോടി രൂപ മുടക്കിയെന്നും വെളിപ്പെടുത്തുമോ? | (ഡി) | 2011-16 കാലയളവിൽ 20.5 ലക്ഷം വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഇതിൽ 11.3 ലക്ഷം ഗാർഹിക കണക്ഷനുകളാണ്. ഈ ഗാർഹിക കണക്ഷനുകൾ നൽകുന്നതിനായി ഉപഭോക്താക്കൾ കണക്ഷനുവേണ്ട ചെലവിനത്തിൽ നിക്ഷേപിച്ച തുക അടക്കം ഏകദേശം 386.1 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**